# അക്കാദമിക മാസ്റ്റർപ്ലാൻ

2024 - 2025

## GUPS കൊളഗപ്പാറ

## ആമുഖം

ലോകം ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ വരെ എത്തിച്ചേർന്നു നിൽക്കുന്നു. ഈ വേളയിൽ കേരളത്തിലെ വിദ്യാർത്ഥികളെ അക്കാദമികപരമായും സാങ്കേതിക വിദ്യാസമ്പന്നരായും മാറ്റിയെടുക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ അനുദിനം മാറി വരുന്ന ലോകക്രമത്തോട് കിടപിടിച്ചു നിൽക്കാൻ നമ്മുടെ കുഞ്ഞുങ്ങളെ പര്യാപ്തരാക്കേണ്ടതുണ്ട്. അതിനുതകുന്ന രീതിയിൽ പാഠ്യപദ്ധതി പരിഷ്കരണം പൂർത്തിയായിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യം ഉയർന്നിട്ടുണ്ട്. അതോടൊപ്പം അക്കാദമിക നിലവാരം ഉയർത്തുന്നതിനായി 'സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഓരോ കുട്ടിയേയും ഒരു യൂണിറ്റായി കണ്ട് അവരുടെ സമഗ്രമായ വളർച്ച ഉറപ്പു വരുത്തുന്നു. ഓരോ വിദ്യാർത്ഥിയും നേരിടുന്ന പ്രശ്നങ്ങൾ കൃത്യമായും സമയബന്ധിതമായും അന്വേഷിച്ചുവെന്ന് ഉറപ്പു വരുത്തുന്നു. ഒരേ സമയം വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും രക്ഷിതാക്കളെയും കർത്തവ്യ നിരതരാക്കുന്നു തുടങ്ങി നിരവധി സവിശേഷതകൾ ഈ പദ്ധതിയ്ക്കുണ്ട്.

മാറിയ കാലത്തിന് ഉതകുന്ന രീതിയിൽ വിദ്യാർത്ഥികളെ സജ്ജരാക്കാനും സമഗ്രഗുണമേന്മ പദ്ധതി ഫലപ്രദമായി നടപ്പിലാക്കാനും പര്യാപ്തമായ ഒരു മാസ്റ്റർ പ്ലാനാണ് തയ്യാറാക്കിയിരിക്കുന്നത്.

## അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവൺമെന്റ് യു.പി. സ്കൂൾ, കൊളഗപ്പാറ

സ്ഥാപിതമായ വർഷം : 1936

വില്ലേജ് : കൃഷ്ണഗിരി

പഞ്ചായത്ത്/ബ്ലോക്ക് : മീനങ്ങാടി / സുൽത്താൻ ബത്തേരി

അധ്യാപകരുടെ എണ്ണം : 9

ജീവനക്കാരുടെ എണ്ണം : 16

ക്ലാസ് മുറികളുടെ എണ്ണം : 9

ലൈബ്രറി : ഉണ്ട്

ക്ലാസ് ലൈബ്രറി : ഉണ്ട്

കമ്പ്യൂട്ടർ ലാബ് : ഉണ്ട്

ഗ്രൗണ്ട് : ഉണ്ട്

ലാബ് : ഉണ്ട്

ലഭ്യമായ ക്ലാസുകൾ : 1. പ്രീ പ്രൈമറി
2. 1 മുതൽ 7 വരെ

കുട്ടികളുടെ എണ്ണം : 115 (1-7)

ആൺകുട്ടികൾ: 58 പെൺകുട്ടികൾ: 57

ആകെ 139 (KG-7)

| | LKG & UKG | 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|---|---|
| Boys | 11 | 8 | 7 | 7 | 10 | 6 | 11 | 10 |
| Girls. | 13 | 13 | 8 | 10 | 3 | 3 | 12 | 7 |
| Total | 24 | 21 | 15 | 17 | 13 | 9 | 23 | 17 |

# നവതി ആഘോഷം

## പ്രത്യേക പ്രവർത്തനങ്ങൾ

ഗവൺമെന്റ് യു.പി. സ്കൂൾ കൊടുവഴ-ന്നൂരിന്റെ നവതി ആഘോഷത്തോട് അനുബന്ധിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഒരു മാസം ഒരു പ്രവർത്തനം എന്ന നിലയിലാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

| മാസം | പ്രവർത്തനം |
|---|---|
| മെയ് | കോർണർ PTA |
| ജൂൺ | ഗ്രോബാഗ് ഗാർഡനിംഗ് |
| ജൂലൈ | രക്തദാന ക്യാമ്പ് |
| ആഗസ്റ്റ് | മെഗാ ക്വിസ് (സ്വാതന്ത്ര്യ ദിനം) |
| സെപ്തംബർ | രക്ഷിതാക്കൾക്ക് IT, തയ്യലിൽ പരിശീലനം |
| ഒക്ടോബർ | ഗോത്രഫെസ്റ്റ് |
| നവംബർ | കിലുക്കാംപെട്ടി (കളറിംഗ് മത്സരം) |
| ഡിസംബർ | ദ്വിദിന സഹവാസ ക്യാമ്പ് |
| ജനുവരി | പൂർവ്വവിദ്യാർത്ഥി സംഗമം |
| ഫെബ്രുവരി | വാർഷികം |
| ജൂലൈ - മാർച്ച് | ഈസി ഇംഗ്ലീഷ്, ഗണിതം ലളിതം |

1. കോർണർ PTA

മെയ് മാസം അവസാന വാരത്തോടനുബന്ധിച്ച് ഉന്നതികൾ കേന്ദ്രീകരിച്ച് കോർണർ PTA നടത്തുന്നു. പൊതു നിർദ്ദേശങ്ങൾ, കുട്ടികൾ സ്കൂളിൽ ഹാജരാകുന്ന കാര്യം ഉറപ്പിക്കൽ, ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾ, സഹായങ്ങളും വേണ്ട മുന്നൊരുക്കങ്ങളൊരുക്കാൻ യോഗം ചേരുന്നത്. നവതി ആഘോഷങ്ങളുടെ തുടക്കം ഈ കോർണർ PTA യിലൂടെ ആരംഭിക്കുന്നു.

2. ഹെർബൽ ഗാർഡനിംഗ്

സ്കൂൾ റോഡിനിരുവശവും മനോഹരമായ പൂച്ചെടികൾ നട്ട് പരിപാലിക്കുന്നതാണ് ഈ പ്രവർത്തനം. ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് SSSS ക്ലബ്ബിന്റെ നേതൃത്വത്തിൽ ആണ് ഈ പ്രവർത്തനം നടത്തുന്നത്.

3. രക്തദാന ക്യാമ്പ്

ജൂലൈ മാസത്തിൽ രക്തദാന ദിനത്തോടനുബന്ധിച്ച് സ്കൂളിൽ രക്തദാന ക്യാമ്പ് ആസൂത്രണം ചെയ്യുന്നു. അതിന് മുന്നോടിയായി രക്ഷിതാക്കൾക്കും നാട്ടുകാർക്കും ബോധവൽക്കരണ ക്ലാസ് നൽകുന്നു. ഹെൽത്ത് ക്ലബ്ബിനാണ് ചാർജ്.

4. സ്വാതന്ത്ര്യദിനം - മെഗാ ക്വിസ്

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് LP, UP, HS തലത്തിൽ മെഗാ ക്വിസ് നടത്തുന്നു. സബ്ജില്ലാതലത്തിലാണ് മത്സരം നടത്തുന്നത്. സോഷ്യൽ ക്ലബ്ബിനാണ് ചാർജ്. വിജയികൾക്ക് ആകർഷകമായ പാരിതോഷികങ്ങൾ നൽകുന്നു.

5. പരിശീലനം

രക്ഷിതാക്കൾക്ക് IT, വിവിധ തൊഴിലുകളിൽ- സോപ്പ്, ഹാൻഡ് വാഷ്, ഫിനോയിൽ ലോഷൻ, കുട നിർമ്മാണം - എന്നിവയിൽ പരിശീലനം നൽകുന്നു. രക്ഷിതാക്കളെ സ്വയം പര്യാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണിത് നടത്തുന്നത്. ഒക്ടോബർ മാസത്തിലാണിത് നടത്തുന്നത്.

6. ഗോത്രഫെസ്റ്റ്

ഒക്ടോബർ മാസത്തിലാണ് ഗോത്രഫെസ്റ്റ് 'ഗന്ധാരവം' നടത്തുന്നത്. ഗോത്ര വിദ്യാർത്ഥികൾ, അവരുടെ രക്ഷിതാക്കൾ എന്നിവരെ ഉൾപ്പെടുത്തിയാണിത് നടത്തുന്നത്. ഗോത്ര വിഭാഗക്കാരുടെ കലാ-സാംസ്കാരിക തനിമ നിലനിർത്താനായാണ് ഈ ഫെസ്റ്റ് നടത്തുന്നത്.

7. കിലുക്കാംപെട്ടി - കളറിംഗ് മത്സരം

നവംബർ മാസത്തിലാണ് ഈ പ്രവർത്തനം ആസൂത്രണം ചെയ്തിരിക്കുന്നത്. സ്കൂളിനടുത്തുള്ള അംഗൻവാടി കുട്ടികൾക്കായാണ് ഈ മത്സരം സംഘടിപ്പിക്കുന്നത്. ശിശുദിനത്തോടനുബന്ധിച്ച് സ്കൂളിൽ കളറിംഗ് മത്സരം സംഘടിപ്പിക്കുന്നു. വിജയികൾക്ക് ആകർഷക സമ്മാനങ്ങൾ നൽകുന്നു.

8. സഹവാസ ക്യാമ്പ്

ഡിസംബർ മാസത്തിൽ ത്രിദിന സഹവാസ ക്യാമ്പ് നടത്തുന്നു. വിദ്യാർത്ഥികളുടെ സർവ്വോന്മുഖമായ വികാസത്തിന് ലക്ഷ്യം വച്ചാണ് ഈ പ്രവർത്തനം ആസൂത്രണം ചെയ്യുന്നത്.

9. പൂർവ്വവിദ്യാർത്ഥി സംഗമം

ജനുവരി മാസത്തിൽ പൂർവ്വവിദ്യാർത്ഥി സംഗമം നടത്തുന്നു. അതിനോടനുബന്ധിച്ച് ക്വിസ് മത്സരങ്ങൾ നടത്തുന്നു. സമൂഹത്തിലെ വിദ്യാലയത്തിന്റെ പൂർവ്വ വിദ്യാർത്ഥി സമ്പത്ത് സമൂഹത്തിനെ ബോധ്യപ്പെടുത്തുക എന്നതിനെ അടിസ്ഥാനമാക്കിയാണ് നടത്തുന്നത്.

10 വാർഷികം

ജനുവരി മാസം സ്കൂളിന്റെ നവതി വാർഷികം വിപുലമായി ആചരിക്കുന്നു. കുട്ടികളുടെയും സ്കൂളിന്റെയും മികവ് സമൂഹത്തിലെത്തിക്കുവാനാണ് ഈ വാർഷികം നടത്തുന്നത്.

അക്കാദമിക പ്രവർത്തനങ്ങൾ

1) ഈസി ഇംഗ്ലീഷ്

വിദ്യാർത്ഥികൾക്ക് അനായാസം ഇംഗ്ലീഷ് കൈകാര്യം ചെയ്യുവാൻ പരിശീലിപ്പിക്കുന്ന പ്രവർത്തനമാണിത്. പഠിതാക്കളെ അവരുടെ നിലവാരം അനുസരിച്ച് ശരാശരിയ്ക്ക് താഴെ, ശരാശരി, ശരാശരിക്ക് മുകളിൽ എന്നിങ്ങനെ തരം തിരിക്കുന്നു. ഓരോ ഗ്രൂപ്പിനും പ്രത്യേക പരിശീലനം നൽകുന്നു. നിലവാരം ഉയർന്നു വരുന്ന കുട്ടികളെ ഉയർന്ന ഗ്രൂപ്പുകളിലേക്ക് മാറ്റുന്നു. അതോടൊപ്പം പഠിതാക്കളുടെ ഇംഗ്ലീഷ് ഭാഷാ നിലവാരം ഉയർത്തുന്നതിനായി One word One Day, English assembly, Language lab-കളുടെ ഫലപ്രദമായ ഉപയോഗം എന്നിവ ഉപയോഗിക്കുന്നു.

2) ഗണിതം ലളിതം

വിദ്യാർത്ഥികളെ ചതുഷ്ക്രിയകൾ, ഗുണന പട്ടിക എന്നിവയിൽ നിപുണരാക്കുവാനാണ് ഈ പദ്ധതി. പഠന നിലവാരം അനുസരിച്ച് പഠിതാക്കളെ തരം തിരിച്ച് റെമഡിയൽ ക്ലാസ് നൽകുന്നു.

# സമഗ്രഗുണമേന്മ പദ്ധതി

2025-26 അധ്യയന വർഷം മുതൽ നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയോടനുബന്ധിച്ച് സ്കൂളിൽ നടപ്പിലാക്കുന്ന പ്രത്യേക പ്രവർത്തനങ്ങൾ

1) കോർണർ PTA

ഗോത്രവിഭാഗത്തിലെ വിദ്യാർത്ഥികളുടെ ഹാജർ ഉറപ്പാക്കുന്നതിനായും സമഗ്രഗുണമേന്മ പദ്ധതി വിശദീകരിക്കുന്നതിനായും ഉന്നതികൾ കേന്ദ്രമാക്കി കോർണർ PTA നടത്തുന്നു.

2) വാട്സാപ്പ് ഗ്രൂപ്പ് രൂപീകരണം

ഗോത്രവിഭാഗ വിദ്യാർത്ഥികൾ ഹാജരാകാത്ത പക്ഷം അവരെ സ്കൂളിൽ എത്തിക്കുന്നതിനായ് സന്നദ്ധ പ്രവർത്തകർ, PTA-MPTA അംഗങ്ങൾ, അധ്യാപകർ എന്നിവരെ ഉൾപ്പെടുത്തി വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിക്കുന്നു.

3) റെമഡിയൽ ക്ലാസ്

പ്രീടെസ്റ്റിന്റെ അടിസ്ഥാനത്തിൽ പഠിതാക്കളെ അവരുടെ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കി റെമഡിയൽ ക്ലാസ് നൽകുന്നു (ഭാഷാ വിഷയങ്ങൾ, ഗണിതം). വർക്ക്ഷീറ്റുകൾ, ചിത്രങ്ങൾ ഉപയോഗിച്ച് തയ്യാറാക്കിയ 'അക്ഷരക്കൂട്' (വർക്ക് ബുക്ക്) തുടങ്ങിയവ ഉപയോഗപ്പെടുത്തുന്നു.

4) മെന്ററിംഗ് പദ്ധതി

1 മുതൽ 7 വരെ ക്ലാസിലെ വിദ്യാർത്ഥികളെ ഗ്രൂപ്പുകളാക്കി ( വ്യത്യസ്ത തരം, നിലവാരത്തിലുള്ളവർ) ഓരോ അധ്യാപകർക്കും മെന്ററിംഗ് ചാർജ്ജ് നൽകുന്നു. കുട്ടികളുടെ അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകാനും മെന്റർ ടീച്ചർക്ക് കഴിവ് ഉണ്ട്. ഇതര അധ്യാപകർ, വിഷയാധ്യാപകർ എന്നിവർക്ക് പുറമേ മെന്ററിംഗ് ടീച്ചറുടെയും ശ്രദ്ധ കുട്ടിക്ക് ലഭിക്കുന്നു.

5). വർക്ക് ബുക്ക്

ഓരോ വിദ്യാർത്ഥിക്കും ഓരോ വർക്ക് ബുക്ക് അനുവദിക്കുന്നു. ഒരു ദിവസത്തെ പ്രവർത്തനങ്ങൾ ( ചെയ്യാനുള്ളവ) തിയതി രേഖപ്പെടുത്തി അധ്യാപകർ നൽകുന്നു. വിദ്യാർത്ഥികൾ അത് വർക്ക് ബുക്കിൽ രേഖപ്പെടുത്തിയെന്ന് ഉറപ്പുവരുത്തുന്നു. ശേഷം പ്രവർത്തനം ചെയ്തശേഷം രക്ഷിതാവിന്റെ ഒപ്പ് രേഖപ്പെടുത്തുന്നു. പഠനപ്രവർത്തനത്തിൽ രക്ഷിതാവിന്റെ പിന്തുണ ഉറപ്പുവരുത്താനാണ് ഈ പ്രവർത്തനം.

6) ഈസി ഇംഗ്ലീഷ്

കുട്ടികളുടെ ഇംഗ്ലീഷ് ഉപയോഗം വർധിപ്പിക്കാനും നിലവാരം ഉയർത്താനുമായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ സംഘടിപ്പിക്കുന്നു. പഠിതാക്കളെ ബുദ്ധിനിലവാരത്തിനനുസരിച്ച് 3 ഗ്രൂപ്പുകളാക്കി പ്രത്യേകം പ്രവർത്തനങ്ങൾ നൽകുന്നു. നിലവാരം മെച്ചപ്പെടുന്നതിനനുസരിച്ച് ഉയർന്ന ഗ്രൂപ്പുകളിലേക്ക് പഠിതാക്കളെ മാറ്റുന്നു. അതോടൊപ്പം തന്നെ ലാംഗ്വേജ് ലാബിന്റെ പ്രവർത്തനം, One day One word, ഇംഗ്ലീഷ് അസംബ്ലി എന്നിവ സംഘടിപ്പിക്കുന്നു.

## 7) റേഡിയോ നിലയം

വിദ്യാർത്ഥികളുടെ സർഗാത്മകതാ വികാസത്തിന് ഉതകുന്ന പ്രവർത്തനമാണ് റേഡിയോ നിലയം. ഓരോ ദിവസവും ഓരോ ക്ലാസുകളിലെ വിദ്യാർത്ഥികൾ കവിത, കഥ, ലേഖനം തുടങ്ങിയവ റേഡിയോവിലൂടെ അവതരിപ്പിക്കുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം

ഓരോ കുട്ടിയുടെയും അവകാശം

## സമഗ്ര ഗുണമേന്മാ പദ്ധതി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025

## ക്ലാസ് ഒന്ന്

സ്കൂൾ : ജി.യു.പി.എസ് കൊളഗപ്പാറ

ജില്ല : വയനാട്

ഉപജില്ല : സുൽത്താൻ ബത്തേരി

ക്ലാസ് അധ്യാപിക : സിന്ധു.കെ.എസ്

## ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. വിദ്യാഭ്യാസ മന്ത്രി തന്നെ കുട്ടികളുടെ ഡയറികൾ എഡിറ്റ് ചെയ്ത് 'കുരുന്നെഴുത്തുകൾ' എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്ര വായനക്കാരായതിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിവുനേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിന് വേണ്ടിയാണ്.

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരുവർഷത്തേക്കുള്ള പ്രവർത്തനപദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞ വർഷം അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം

[illegible] അതിനാൽ [illegible]
[illegible] കുട്ടികളുടെ നിലവാരവും [illegible]
[illegible] ആവശ്യമാണ്.
[illegible] നിന്ന് പൂർണ്ണമായി ഒരു വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനി
ച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും ആസൂത്ര
ണം ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത് ഓരോ മാസവും
SRG യിൽ ചർച്ച ചെയ്യുന്നതിനും സഹായകം
ഇതാണ്.

## അവസ്ഥാ വിശകലനം

2025-26 അക്കാദമിക വർഷം ഒന്നാം ക്ലാസിൽ 21 കുട്ടികളാണ് പ്രവേശനം നേടിയിട്ടുള്ളത്. അതിൽ പ്രീപ്രൈമറി- അംഗണവാടി അനുഭവമുള്ളവർ 16 പേരാണ്. ഗോത്ര വിഭാഗത്തിൽ പ്പെട്ടവർ 15 പേരാണ്.

## വാർഷിക ലക്ഷ്യങ്ങൾ (മലയാളം)

1. ഒരു സദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക. ഓരോ കുട്ടിയും ലഘു ബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക.

2. ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുമുള്ള കഴിവ് നേടുക.

3. ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.

4. ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.

5. ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.

6. ഓരോ കുട്ടിയുടെയും സർഗാത്മകരചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക.

7. ഓരോ കുട്ടിയുടെയും പഠനത്തെളിവുകൾ അടങ്ങിയ വളരുന്ന

അടിസ്ഥാന രേഖ രൂപപ്പെടുത്തുക

8. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രദർശിപ്പിക്കുക.

വാർഷിക ലക്ഷ്യങ്ങളിലേക്ക് നയിക്കുന്നതിന് പ്രതിമാസ ലക്ഷ്യങ്ങൾ അനിവാര്യമാണ് എന്ന് ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഓരോ മാസവും ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്ന രീതിയാണ് പിന്തുടരുന്നത്.

## ജൂൺ മാസത്തെ പ്രധാന ലക്ഷ്യങ്ങൾ

1. പൂർണ്ണ പങ്കാളിത്തമുള്ള ക്ലാസ് പി.ടി.എ. ഉറപ്പാക്കുക.
2. എല്ലാ കുട്ടികൾക്കും സ്വതന്ത്രഭാഷണത്തിന് അവസരം സൃഷ്ടിക്കുക
3. രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ചുകേൾപ്പിക്കുന്ന വായനോത്സവം സംഘടിപ്പിക്കുക.
4. വായിച്ചു കേട്ട കഥ ക്ലാസിൽ ആശയചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥാവേള എല്ലാ ദിവസവും ക്ലാസിൽ നടത്തുക.
5. ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനുമുള്ള വായനക്കാർഡുകളുടെ വായന (വീട്ടിലും ക്ലാസിലും)

6. പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും താളമിട്ട് സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്ന പാട്ടരങ്ങ് നടത്തുക.

7. ഓരോ കുട്ടിയെയും പ്രധാന പഠനലക്ഷ്യത്തിന്റെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ സംയുക്ത വിലയിരുത്തൽ നടത്തുക.

8. പ്രതിമാസ ഡിജിറ്റൽ പോർട്ട്ഫോളിയോ ക്യൂ ആർ കോഡിന്റെ സഹായത്തോടെ / വീഡിയോ രൂപത്തിൽ രക്ഷിതാക്കൾക്ക് ലഭ്യമാക്കുക.

9. എല്ലാ കുട്ടികൾക്കും പിന്തുണ ലഭിക്കുന്നതിനും അവർക്ക് തടസ്സമില്ലാതെ നടുത്തളത്തിൽ വന്ന് അവതരണങ്ങൾ നടത്താനും സഹായകമായ വിധത്തിൽ ഒന്നാം ക്ലാസ് ക്രമീകരിക്കുക.

10. ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകമാക്കുക.

## ജൂൺ മാസ പ്രവർത്തനങ്ങൾ

1. പൂർണ്ണ പങ്കാളിത്ത ക്ലാസ് പി.ടി.എ
2. വായനോത്സവവും കഥാവേളയും
3. ഒന്നൊരുക്കം (സന്നദ്ധതാ പ്രവർത്തനങ്ങൾ)
4. വായനക്കാർഡുകൾ

5. കഥാഭാഗം നാടകീകരണം.

6. പക്ഷികളെ കുറിച്ചുള്ള വിവരശേഖരണം

a) തൂവൽ ശേഖരണം

b) കിളികളെ കുറിച്ചുള്ള പാട്ടുകൾ

c) ശബ്ദം കേട്ട് പക്ഷി ഏതെന്ന് തിരിച്ചറിയൽ

7. സംശ്ലിഷ്ട വിലയിരുത്തൽ

and identifies them from pictures.

June

→ Introduces simple words
→ Provides picture cards

July

→ Identify familiar words
→ Say familiar words
→ Read familiar words
→ Write familiar words

August

→ Enjoy songs and sings them with Rhythm and action
→ Describes orally about pictures and objectives using adjectives

September

→ Read and write simple words and simple sentences
→ Provides picture cards and reading cards

## October

→ Introduce simple picture descriptions.
→ Make word chain, sentence chain.
→ Make riddles
→ Describing words, rhyming words
→ Text book activities

## November

→ Prepare reading cards.
→ Provide more opportunities to read, write and speak English
→ writes five English words daily.

## December

→ Read and understand simple instructions in the classroom
→ Encourage digit reading

## January

→ Enjoy songs and sings them with Rhythm and action.

→ Make picture albums

→ collect pictures of animals and its young ones.

February

→ Provide the opportunity to express myself in the classroom.

→ English assembly once in a week.

March

→ Speaks English fluently

→ Read and write simple sentences.

→ Picture reading and picture description

# ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭൂമിയിലും ശാസ്ത്രത്തിലും ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്നു തന്നെ ലളിത പ്രവർത്തനങ്ങൾ വഴി രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

* ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു. എഴുതുന്നു.
* അഞ്ചു വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
* നമുക്ക് ചുറ്റുമുള്ള ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയുന്നു. വൃത്തം, ചതുരം, ത്രികോണം എന്നിവ വരയ്ക്കാനും നിറം നൽകാനും സാധിക്കുന്നു.
* ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ചുകൊണ്ട് ചിത്രങ്ങൾ വരയ്ക്കുന്നു
* രണ്ടക്ക സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
* ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു. എഴുതുന്നു. വായിക്കുന്നു.

* ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
* സംഖ്യകളെ ആരോഹണ- അവരോഹണക്രമത്തിൽ ആക്കുന്നു.
* രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം.
* രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.
* ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു
* ഒരക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ
* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

→ സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു
→ സംഖ്യാ കാർഡ് നിർമ്മിക്കൽ
→ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
→ ജ്യാമിതീയ രൂപങ്ങൾ മാത്രം ഉപയോഗിച്ച് ചിത്രം വരയ്ക്കൽ

ജൂലൈ

→ ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
→ സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

## ആഗസ്റ്റ്

→ ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.

→ കൂടുതൽ, കുറവ് തിരിച്ചറിയുന്നു

→ ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

→ സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ

→ ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ

→ ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ

→ ഒന്നിനോട് ഒരു സംഖ്യ കൂട്ടിയാൽ അതിനേക്കാൾ വലിയ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്

## ഒക്ടോബർ

→ ഒറ്റസംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ

→ ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്

→ വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ

→ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## നവംബർ

→ പാറ്റേണുകൾ വിവിധ തരത്തിൽ നിർമ്മിക്കൽ

→ ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

→ സംഖ്യകൾ ആരോഹണ- അവരോഹണ ക്രമത്തിൽ എഴുതൽ

→ ഗണിത ശാസ്ത്ര തയ്യാറാക്കൽ

## ജനുവരി

- → ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
- → സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- → ഒന്നുമുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

- → ഗണിത സംബന്ധമായ നേട്ടങ്ങൾ PTA യിൽ പ്രദർശിപ്പിക്കുന്നു.
- → വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

## മാർച്ച്

- → ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ പൂർത്തിയാക്കുന്നു
- → ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടുന്നു.
- → ഗണിത സംബന്ധമായ നേട്ടങ്ങൾ പഠനോത്സവത്തിൽ പ്രദർശിപ്പിക്കുന്നു.
- → ഉല്ലാസഗണിതം പ്രവർത്തനങ്ങൾ
- → സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു

# English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate

Objectives and learning outcomes

* Respond to simple instructions in the classroom
* Describe orally about the pictures and objects.
* Familiarise with simple words.
* Enjoy songs and sings them with Rhythm and action.
* Familiarise the names of birds, animals, their young ones

# അക്കാദമിക മാസ്റ്റർപ്ലാൻ

വിഷയം : ഗണിതം ക്ലാസ്സ് : 2

## ആമുഖം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ട് കൊണ്ട് തന്നെയാണ് ഉല്ലാസ ഗണിതം പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠന ഘട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗസഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിതപ്രവർത്തനത്തിലൂടെ താത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം പ്രശ്നപരിഹാരം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

പ്രവർത്തനത്തിന്റെ പേര്: ചിത്രഗണിതം

സമയം: ജൂൺ-മാർച്ച്

ലക്ഷ്യം

- ചിത്രങ്ങളിലൂടെ ഗണിത ക്രിയകൾ രസകരവും എളുപ്പവുമാകുന്നു.
- ചിത്രങ്ങൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ എളുപ്പത്തിൽ വിശകലനം ചെയ്യാനുള്ള ശേഷി നേടുന്നു.

പ്രവർത്തനഘട്ടം

- ചിത്രങ്ങൾ നോക്കി വിശകലനം
- ചിത്രങ്ങൾ നോക്കി സങ്കലനം
- ചിത്രങ്ങൾ നോക്കി വ്യവകലനം
- ചിത്രകാർഡ് നിർമ്മാണം.
- പ്രായോഗിക പ്രശ്നങ്ങൾ ചിത്രത്തിലൂടെ നൽകൽ
- ചിത്രം വരച്ചു ചോദ്യങ്ങൾ നിർമ്മിക്കൽ.

ഗണിതകഥകൾ

സമയം: ജൂൺ - മാർച്ച്

ലക്ഷ്യം

കഥകളിലൂടെ ഗണിതം രസകരമാക്കൽ

ഗണിത ശില്പശാല

സമയം : ഒക്ടോബർ

ലക്ഷ്യം

ഗണിതോപകരണങ്ങൾ നിർമ്മിക്കൽ

പഠനം രസകരമാക്കൽ

പ്രവർത്തനഘട്ടം

SRG അവതരണം ചിന്തുണ നേടൽ

ആവശ്യമായ പഠനോപകരണങ്ങൾ തീരുമാനിക്കൽ

ആവശ്യമായ സാമഗ്രികൾ ലഭ്യമാക്കൽ

CPTA അവതരണം

നടത്തിപ്പ് - അധ്യാപിക

കുട്ടിപ്പീടിക

സമയം : ഫെബ്രുവരി

ലക്ഷ്യം

പ്രയോഗിക പ്രശ്നങ്ങളെ അനുഭവങ്ങളിലൂടെ നിർധാരണം ചെയ്യുന്നതിനും മനസിലാക്കുന്നതിനും

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് - 2

വിഷയം : മലയാളം

## ലക്ഷ്യം

ഈ നിരന്തരമൂല്യനിർണ്ണയത്തിലൂടെ ഉയർന്ന നിലയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാപരമായ, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല സാമൂഹിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിശോധിച്ച് ക്ലാസ്സിലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ലക്ഷ്യമിടുന്നത് എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായിത്തീരണം അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

- രണ്ടാം ക്ലാസിലെ എല്ലാകുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

- വർഷാവസാനം സ്വന്തമായി ലേഖനത്തിൽ ഏർപ്പെടുകയും വ്യത്യസ്തമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

## മുന്നൊരുക്കം

- പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലുമുള്ള കുട്ടികളുടേയും ഉള്ളവും കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ കഴിവുകൾ പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്നുന്ന കുട്ടികൾക്ക് ലഭ്യമാക്കാനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തനത്തിന്റെ പേര്: വായിക്കാം രസിക്കാം.

സമയം — ജൂൺ – മാർച്ച്

ലക്ഷ്യം

- ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം
- ആശയം ഗ്രഹിച്ച് പറയൽ
- ഗ്രഹിച്ച ആശയം മറ്റു വ്യവഹാര രൂപത്തിലേക്ക് മാറ്റൽ

പ്രവർത്തന ഘട്ടം

- അവധിക്കാല വായന പ്രവർത്തനം അവലോകനം
- അമ്മയും കുഞ്ഞും വായന
- വായിച്ച കഥ പറയൽ
- വായന കാർഡ് നിർമ്മാണം
- പത്ര വായന

പാട്ടുപാടാം കൂട്ടുകൂടാം

സമയം: ജൂൺ – മാർച്ച്

ലക്ഷ്യം

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റു സമാന കവിതകളും ഈണം നൽകി അവതരിപ്പിക്കുന്നു.
- പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

• ഭാഷാ പ്രവർത്തനങ്ങൾ സജീവമാക്കുന്നു.

## പ്രവർത്തന ഘട്ടം

- കുട്ടിപ്പാട്ട് അവതരണം
- കുട്ടിപ്പാട്ട് ശേഖരണം - ഉപകരണങ്ങളുടെ സഹായത്തോ പാടുന്നതോ. നൽകിയിട്ടുള്ള പാട്ട് പാഠഭാഗങ്ങളെ പാട്ടുകൾ, പാട്ടുപുസ്തകം

## സംയുക്ത ഡയറി

സമയം - ഇരുപത് - മിനിട്ട്

### ലക്ഷ്യം

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയുന്നതിനും എഴുതുന്നതിനും കഴിവ് നേടുന്നു.
- സ്വന്തം അനുഭവങ്ങളെ വിവിധ രൂപത്തിൽ ആക്കുന്നതിനുള്ള കഴിവ് നേടുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നു.
- സർഗാത്മക രചനയിലേക്ക് നയിക്കുന്നു.

## പ്രവർത്തനഘട്ടം

- വിവിധ ഡയറികൾ പരിചയപ്പെടുന്നു
- CPTA യിൽ ഡയറി എഴുത്ത് പരിചയപ്പെടുത്തുന്നു

· എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.

· ആനന്ദ ഡയറി

· കൗതുകമുള്ള ഡയറിപ്രദർശനം.

· ഡയറി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കൽ

## ക്ലാസ് പത്രം

സമയം – നവംബർ - മാർച്ച്

### ലക്ഷ്യം

ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവും ആയി അവതരിപ്പിക്കുന്നു.

· രചന ശേഷി പരിപോഷിപ്പിക്കുന്നു.

· കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയപൂർണതയോടെ എഴുതാൻ കഴിവ് നേടുന്നു.

### പ്രവർത്തനഘട്ടം

· SRG യിലെ അവതരണം പിന്തുണ നേടൽ

· ഉയർന്ന ക്ലാസിലെ വാർത്താപത്രം പരിചയപ്പെടുത്തൽ.

· ക്ലാസിലെ സംഭവങ്ങൾ വാർത്തയാക്കൽ

· അസംബ്ലിയിൽ അവതരണം

· ഒരു മാസത്തിൽ ഒരു പത്രം.

## രചനോത്സവം

സമയം: നവംബർ - മാർച്ച്

### ലക്ഷ്യം

എല്ലാ കുട്ടികളെയും സ്വതന്ത്ര രചനകൾക്ക് പ്രാപ്തരാക്കുന്നു.

### പ്രവർത്തനഘട്ടം

- SRG അവതരണം പിന്തുണ നേടൽ
- CPTA യിൽ അവതരണം പിന്തുണ ഉറപ്പാക്കൽ
- ചിത്രം നൽകി കഥ എഴുതൽ
- രചനോത്സവം നടത്തൽ
- മികച്ചവ പ്രസിദ്ധീകരിക്കൽ

# Academic
## Masterplan

Class : 2

Aim - To speak, Read & write English without any mistakes

Time - June, July, August

Poetest

To develop listerning skills & reading skills first

Listerning skills

Games, Actions song. Hello English activities skit Conversation, stories use ICT.

Speacking skills

Descriptions, growing sentences, picture reading picture descriptions self introduction Assembly activities speach, book review, quiz riddles school radio, self ~~Indtrodc~~ introduction etc.

Name of the activity - One day One word

Time - June - march

Aim

Enrich vocabulary of students

Making simple sentences with the use of the words giving in above project

Activity

Giving a word in each day

Make sentence with use of this word

use the words in other situation.

My Mini Book

Time: June - March

Aim

. Make and understood words with the help of picture.

. Drawing and colouring based on the suitable things

## Activity

- Each students make a mini book with the use of the piece of papers.
- write and draw the picture related to the unit
- Gave suitable colour for the picture.

## Good Morning - Lets talk

Time : August - March

## Aim

Enrich the talking ability of Students

Make confidence of students for speaking ~~Skill~~ English.

## Activity

- Each Students introduce themselves.
- Introduce their family members

- Describe about their familes
- Describe their day to day life

Lets Read And Write

Time – August – March

Aim

Enrich the writing ability and reading ability of students

Activity

- Show picture
- Ask about the picture
- write simple sentences about the picture.
- Read sentences under the picture.
- Make reading card about the picture.

Dictionary Making

Time – January to March

Aim – Arrange the word alphabetically

Activity

- Arrange the word alphabetically
- Making dictionary in alphabetical order.

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 26

ക്ലാസ്സ് : III

# ഗണിതം

ക്ലാസ്സ്: III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപിക | PTA |
| | ഈർക്കിൽ കമ്പുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ to ജൂലൈ | അധ്യാപിക & CPTA | ഇല്ല. |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപിക | ഇല്ല. |
| | • നാണയങ്ങൾ, കറൻസി നോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ്) | ആഗസ്റ്റ് | അധ്യാപിക കുട്ടികൾ | CPTA. |
| എല്ലാ കുട്ടികൾക്കും സംഖ്യാബോധം ഉണ്ടാകുന്നു. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ. | സെപ്റ്റംബർ | അധ്യാപിക കുട്ടികൾ | ഇല്ല. |
| സങ്കലന - വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | • ഉദാ: കണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ഒക്ടോബർ to നവംബർ | അധ്യാപിക കുട്ടികൾ | ഇല്ല. |
| ഗുണനവസ്തുതകൾ നേടൽ | • ഉദാ: കണക്കുകൾ<br>• മഞ്ചാടിക്കുരു | ഡിസംബർ to ജനുവരി | അധ്യാപിക | CPTA |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ. | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ICT വിഭവങ്ങൾ ഉപയോഗിച്ച്. | ഫെബ്രുവരി to മാർച്ച്. | അധ്യാപിക കുട്ടികൾ | ഇല്ല. |

| | | | | |
|---|---|---|---|---|
| സർഗാത്മക ... പ്രകടനം. | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ വേദി - സി.പി.ടി.എ, ബാലവേദി. | അധ്യാപക വർഷം രക്ഷിതാക്കൾ | CPTA. | ജൂലൈ. |
| | | | | |

## മലയാളം

ക്ലാസ് III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന :- മലയാളത്തെ തെറ്റുകൂടാതെയും അക്ഷര സ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീടെസ്റ്റ് | ജൂൺ | അധ്യാപിക | PTA |
| | ക്ലാസ് ലൈബ്രറി വിപുലനം. | അധ്യയന വർഷാരംഭം | CPTA | CPTA |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപിക | അധ്യാപിക |
| | അമ്മ വായന<br>അമ്മമാരുടെ വായനക്കുറിപ്പുകൾ CPTA യോഗത്തിൽ അവതരിപ്പിക്കുന്നു. | അധ്യയന വർഷം മുഴുവൻ | CPTA. | ഇല്ല. |
| | വായനക്കാർഡുകൾ തയ്യാറാക്കൽ | ജൂൺ ജൂലൈ | അധ്യാപിക | CPTA. |
| ലേഖനം<br>വിവിധ വ്യവഹാര രൂപങ്ങൾ അന്വയിക്കുവാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുന്നു.<br>- അക്ഷരം തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാ വ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.<br>ജൂൺ 5 പരിസ്ഥിതിദിനം പോസ്റ്റർ | ജൂൺ | | |
| | ജൂൺ 19 വായനാദിനം പോസ്റ്റർ<br>വായനാവാരം | ജൂൺ | അധ്യാപിക | CPTA. |
| | ആഗസ്റ്റ് - 6 ഹിരോഷിമ ദിനം പോസ്റ്റർ | ആഗസ്റ്റ് | | |
| | ആഗസ്റ്റ് - 9 നാഗസാക്കി ദിനം പോസ്റ്റർ | ആഗസ്റ്റ് | | |
| | ആഗസ്റ്റ് - 15 സ്വാതന്ത്ര്യദിനം | | | |
| | സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം. | സെപ്റ്റംബർ | | |
| | ഒക്ടോബർ - 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ | ഒക്ടോബർ | | |
| | ഒക്ടോബർ - 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്. | | | |
| | നവംബർ - 1 കേരളപ്പിറവി പ്രസംഗം | | | |
| | നവംബർ - 14 ശിശുദിനം. | നവംബർ | | |

## പരിസരപഠനം. III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളുടെ തരംതിരിക്കൽ<br>പ്രകൃതി നടത്തം (പാഠം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം. | ജൂൺ to ആഗസ്റ്റ് | അധ്യാപിക | ഇല്ല. |
| പ്രകൃതി സംരക്ഷണം | 'മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കൽ.<br>• മഴക്കുഴി നിർമ്മാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറൽ. | ആഗസ്റ്റ് to സെപ്റ്റംബർ | അധ്യാപിക<br>• PTA ഭാരവാഹികൾ മന്ത്രി<br>• CPTA<br>SSSS | PTA |
| വ്യക്തി ശുചിത്വം. | കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമ്മാണം<br>ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ. | സെപ്റ്റംബർ - ഒക്ടോബർ | SSSS യൂണിറ്റ് അധ്യാപിക കുട്ടികൾ | PTA. |

ഉദ്ഗ്രഥിത ക്ലസ്റ്റർ പ്ലാൻ.

ക്ലാസ്സ്: IV (മലയാളം, EVS, English)

4/-

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ്സ് - IV. വിഷയം : മലയാളം. മധുരം മലയാളം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നത് വരെ (ഒരു വർഷം) | SRG ക്ലാസ് ടീച്ചർ | പിടിഎ |
| 2) വായിക്കാം വളരാം വായനാശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന. | ഒരു വർഷം മുഴുവൻ | HM SRG CPTA | ” |
| 3) എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | ” | ” | ” |
| 4) ലേഖന ശേഷി, വർധിപ്പിക്കൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവാദം | ആവശ്യാനുസരണം | Class Teacher | - |

| | | | | |
|---|---|---|---|---|
| 5) അറിവ് ലോകം കൂട്ടുകാരിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Tr. | PTA. |
| 6) നമ്മുടെ പ്രാചീന ശീലങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചകക്കുറിപ്പുകളുടെ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ | വർഷത്തിൽ ഒന്ന് | SRG<br>Class Tr<br>CPTA. | — |
| 7) സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അനുസ്മരിക്കൽ. | ഓർമ്മദിനങ്ങൾ ആചരിക്കൽ, ഫോട്ടോപ്രദർശനം, പുസ്തക പരിചയം - കുറിപ്പ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ - പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | " | — |
| 8) പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ്മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, വാദ്യങ്ങൾ പ്രദർശനം. | വർഷത്തിലൊന്ന് | HM<br>SRG<br>CPTA.<br>Class Tr | PTA. |
| 9) ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ അവതരിപ്പിക്കൽ. | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം. | വർഷത്തിലൊന്ന് | " | PTA. |

ക്ലാസ്സ്- 4   വിഷയം - പരിസരപഠനം

| Sl no. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1) | പ്രകൃതിനടത്തം. നിരീക്ഷണം - അറിവു നിർമാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| 2) | ശാസ്ത്രമേള ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | HM SRG Class tr | PTA SSA. |
| 3. | ശാസ്ത്രയാത്ര. ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | ” | PTA. CPTA. |

43

| | | | | |
|---|---|---|---|---|
| 4) ഭൂപടമൊരുക്കാം. <br> കേരളം - ഇന്ത്യ <br> ഭൂപടവായന <br> സൂചിക - പരിചയപ്പെടൽ | ഭൂപടവായന, ഭൂപടരചന <br> സൂചികാനിർമ്മാണം, സൂചിക <br> ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG <br> Class Tr | PTA. |
| 5) ശാസ്ത്ര - വിസ്മയ <br> ചുമർ. <br> ശാസ്ത്ര പഠനം <br> രസകരമാക്കൽ. | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട <br> വാർത്തകൾ, ചിത്രങ്ങൾ എന്നിവ <br> പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | " | " |
| 6) ശാസ്ത്രോത്സവം. <br> ശാസ്ത്രപഠനത്തിലൂടെ <br> നേടിയ അറിവുകളുടെ <br> പ്രയോഗം. | ശാസ്ത്ര പതിപ്പ്, ചാർട്ട്, ആൽബം, <br> പഠനോപകരണം, പരീക്ഷണം <br> ഇവയുടെ പ്രദർശനം. | വർഷത്തിൽ <br> ഒരിക്കൽ | " | " |
| 7) ശാസ്ത്ര മാസിക <br> ശാസ്ത്രപഠനത്തിലൂടെ <br> നേടിയ അറിവുകളുടെ <br> രചന. | ശാസ്ത്ര മാസികയുടെ നിർമ്മാണം. | വർഷത്തിൽ <br> ഒരിക്കൽ | " | PTA |

ക്ലാസ്സ്- 4 വിഷയം - പരിസരപഠനം

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1) | പ്രകൃതിനടത്തം: നിരീക്ഷണം - അറിവു നിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| 2) | ശാസ്ത്രമേള<br>ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>Class Tr | PTA<br>SSA |
| 3. | ശാസ്ത്രയാത്ര<br>ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മ്യൂസിയം പ്രദർശനങ്ങൾ, ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | " | PTA<br>CPTA |

Std - IV, III - English - ഇംഗ്ലീഷ് ഭാഷാ പഠനം.

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| 1. | ഇംഗ്ലീഷ് അസംബ്ലി. ഇംഗ്ലീഷ് പദപ്രയോഗങ്ങൾ വായിക്കാനും സംസാരിക്കാനും എഴുതുവാനും ഉള്ള ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിലൊരിക്കലോ രണ്ട് തവണയോ ആയി അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾ തന്നെ) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | — |
| 2. | ഇംഗ്ലീഷ് ഡയറി. തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യേന വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ 3 ദിവസം (1 year) | class Tr | — |
| 3. | English Theatre. സർഗാത്മകതാ പരിപോഷണം. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | class Tr | PTA |

| | | | | |
|---|---|---|---|---|
| 4) ഇംഗ്ലീഷ് മാഗസിൻ<br>സർഗാത്മകമായ ഭാഷാ വികസനം. | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Tr<br>SMC | PTA. |
| 5) ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ഗ്രൂപ്പുകളായി തിരിച്ച് | മാസത്തിൽ ഒന്ന് | Class Tr | - |
| 6) English corner<br>വായന പരിപോഷണം. | * കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനമൂല ഒരുക്കൽ.<br>* വായനാവേദി ഒരുക്കൽ<br>* വായനാക്കുറിപ്പ് - പുസ്തക പരിചയം | ആഴ്ചയിൽ ഒന്ന് | Class Tr | Parents. |

| | | | | |
|---|---|---|---|---|
| 7) English Fest<br>ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതു-വാനും കഴിയുന്ന നിലവാരത്തിലെത്തി-ക്കാൻ (ഇംഗ്ലീഷ് ഭാഷ ഒരു കാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമു-ണ്ടാകാൻ) | വായനാമത്സരം, രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | ജനുവരിമാസം | PTA SRG | PTA |

ക്ലാസ്: IV

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നിവയെ പറ്റിയുള്ള ധാരണ നൽകുന്നു. | പ്രിടെസ്റ്റ് | ജൂൺ | അധ്യാപിക | CPTA |
| | ഈർക്കിൾ കമ്പുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം വൃത്തം എന്നിവ നിർമ്മിക്കുന്നു. | ജൂൺ to ജൂലൈ | അധ്യാപിക & CPTA | ഉണ്ട്. |
| 9999 വരെയുള്ള സംഖ്യകളെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാ പാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപിക | ഉണ്ട്. |
| | · നാണയങ്ങൾ, കളിനോട്ടുകൾ<br>· പാറ്റേണുകൾ (ഗണിത ക്ലബ്ബ്) | ആഗസ്റ്റ് | അധ്യാപിക കുട്ടികൾ | CPTA |
| എല്ലാ കുട്ടികൾക്കും പതിനായിരത്തിന് മുകളിൽ സംഖ്യാ ബോധം ഉണ്ടാകുന്നു | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപിക കുട്ടികൾ | ഉണ്ട്. |
| സങ്കലനം, വ്യവകലനം ക്രിയകൾ ചെയ്യുന്നതിന് പ്രാപ്തരാക്കുക. | · മന: കണക്കുകൾ<br>· നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ to നവംബർ | അധ്യാപിക കുട്ടികൾ | ഉണ്ട് |
| ഗുണന വസ്തുതകൾ നേടാൻ വേണ്ടി പ്രാപ്തരാക്കുക | · മന: കണക്കുകൾ<br>· മഞ്ചാടി കളി. | ഡിസംബർ to ജനുവരി | അധ്യാപിക | CPTA |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ. | · നിത്യജീവിതവുമായി ബന്ധപ്പെട്ട<br>· പ്രവർത്തനങ്ങൾ<br>· ICT വിഭവങ്ങൾ ഉപയോഗിച്ച്. | ഫെബ്രുവരി to മാർച്ച് | അധ്യാപിക കുട്ടികൾ | ഉണ്ട് |

# UP തലം

# അവസ്ഥാ വിശകലനം

## അപ്പർ പ്രൈമറി തലം

മധ്യവേനലവധി കഴിഞ്ഞ് സ്കൂൾ തുറന്ന ശേഷം ഭാഷാവിഷയങ്ങൾ, ഗണിതം, സയൻസ് തുടങ്ങിയ വിഷയങ്ങളിൽ pre-test നടത്തുകയുണ്ടായി. ഭാഷാ വിഷയങ്ങളിൽ വായന, എഴുത്ത് എന്നീ ശേഷികളും പരിശോധിച്ചു. ഗണിതത്തിൽ ചതുഷ്ക്രിയകൾ, ഗുണനപട്ടിക, ക്ലോക്കുകൾ. മുൻ ക്ലാസുകളിൽ നേടിയിരിക്കേണ്ട പഠനലക്ഷ്യങ്ങൾ തുടങ്ങിയവയാണ് പ്രാധാന്യം നൽകിയത്. സയൻസ് വിഷയങ്ങൾക്കും മുന്നറിവുകൾ, പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ തുടങ്ങിയവയാണ് പ്രാധാന്യം നൽകിയത്.

